**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1509** **03-02-2026 - ൽ മറുപടിയ്ക്ക്**

**സഹജ കോൾ സെന്ററിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സഹജ കോൾ സെന്ററിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി സംസ്ഥാന തൊഴിൽ വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ഒരു കോൾ സെന്റർ സംവിധാനമാണ് '**സഹജ**'. ഈ സംവിധാനത്തിൽ സ്ത്രീ തൊഴിലാളികൾക്ക് അവരുടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെയുള്ള സമയത്ത് സ്ത്രീയായിട്ടുള്ള കോൾ സെന്റർ എക്സിക്യൂട്ടീവിനെ നേരിട്ട് വിളിച്ച് അറിയിക്കാവുന്നതാണ്. **1800-42-555-215** എന്നതാണ് ടോൾ ഫ്രീ നമ്പർ. ഈ നമ്പറിൽ ലഭിക്കുന്ന കോളുകൾ തൊഴിലാളി ആഗ്രഹിക്കുന്ന പക്ഷം അവരുടെ ഐഡന്റിറ്റി വെളിവാക്കാതെ തന്നെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സംവിധാനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്നുണ്ട്. പരാതിക്കാരിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കോൾ സെന്റർ എക്സിക്യൂട്ടീവ് നൽകുകയും ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് പരാതി കൈമാറുകയും ആയത് രജിസ്റ്റർ ചെയ്ത വിവരങ്ങൾ ഉടൻ തന്നെ മെസേജായി പരാതി നൽകിയ തൊഴിലാളിക്ക് ലഭിക്കുകയും ചെയ്യും. ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ ദ്രുതഗതിയിൽ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത കോൾ സെന്റർ മുഖാന്തിരം നാളിതുവരെ ലഭ്യമായ 238 പരാതികളിൽ 230 എണ്ണം തീർപ്പാക്കുകയും 8 എണ്ണം തീർപ്പാക്കൽ നടപടികൾ നടന്നുവരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | നഗരങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പ്രധാന പദ്ധതികൾ വിശദമാക്കാമോ; | (ബി) | നഗരങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു .<br><br>**<u>ജനനി പദ്ധതി</u>**<br><br>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും താങ്ങാവുന്ന വിലയിൽ വീട് നൽകുക എന്നതാണ് ജനനി പദ്ധതി ലക്ഷ്യമിടുന്നത്. അസംഘടിതരായ ദരിദ്ര നഗര തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും നല്ല നിലവാരമുള്ള താങ്ങാനാവുന്ന ഭവനങ്ങൾ ജനനി പദ്ധതി മുഖേന നൽകുന്നു.<br><br>**ജനനി പദ്ധതി - അടിമാലി**<br><br>ഇടുക്കി ജില്ലയിലെ അടിമാലിയിൽ ജനനി പദ്ധതിക്ക് കീഴിൽ 24.45 കോടി രൂപ ചെലവിൽ 217 യൂണിറ്റുകളുള്ള അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം BFK പൂർത്തിയാക്കി, 2019 ൽ ലൈഫ് മിഷൻ കേരള വഴി അടിമാലി ഗ്രാമപഞ്ചായത്തിന് കൈമാറി.<br><br>**ജനനി പദ്ധതി – പോഞ്ഞാശ്ശേരി**<br><br>എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പോഞ്ഞാശ്ശേരിയിൽ, ജനനി പദ്ധതിക്ക് കീഴിൽ വാങ്ങിയ ഭൂമിയിൽ 2021 ൽ 74 യൂണിറ്റ് അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി. ഈ അപ്പാർട്ട്മെന്റുകൾ ഗുണഭോക്താക്കൾക്ക് വിൽക്കാനുള്ള പ്രക്രിയ പുരോഗമിക്കുകയാണ്.<br><br>**<u>സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി</u>**<br><br>കേരളത്തിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വാടക അടിസ്ഥാനത്തിൽ സ്റ്റുഡിയോ അപ്പാർട്ടുമെന്റുകളുടെ രൂപത്തിൽ നല്ല നിലവാരമുള്ള മാന്യവും സുരക്ഷിതവുമായ താമസ സൗകര്യം പ്രദാനം ചെയ്യുക എന്നതാണ് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി വിഭാവനം ചെയ്തത്.<br><br>കേരളത്തിലുടനീളമുള്ള ജോലി ചെയ്യുന്ന സ്ത്രീകൾ ജോലി സ്ഥലങ്ങൾക്ക് സമീപം അനുയോജ്യമായ താമസ സൗകര്യം കണ്ടെത്തുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സഹായകമാകുന്ന തരത്തിൽ പാർപ്പിട |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ഒരുക്കി അവരെ ശാക്തീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>ഒരു കിടപ്പുമുറി, പൊതു ഹാൾ, അടുക്കള, കട്ടിൽ, മേശ, കസേര, അലമാര തുടങ്ങിയ അടിസ്ഥാന ഉപകരണങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് അപ്പാർട്ട്മെന്റുകൾ. അഗ്നി സുരക്ഷ, മലിനജല സംസ്കരണം, മഴവെള്ള സംഭരണം, ഹൗസ്കീപ്പിംഗ്, സെക്യൂരിറ്റി, സിസിടിവി സംവിധാനം, ഡീസൽ ജനറേറ്റർ ബാക്കപ്പ് എന്നീ സൗകര്യങ്ങൾ ഈ അപ്പാർട്ട്മെന്റ് സമുച്ചയങ്ങളിൽ ഒരുക്കുന്നുണ്ട്.<br><br>**സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പ്രോജക്റ്റ് – മേനംകുളം**<br><br>തിരുവനന്തപുരം ജില്ലയിൽ മേനംകുളത്ത് 80 യൂണിറ്റ് സ്റ്റുഡിയോ അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം നടത്തുന്നതിനായി DPR തയ്യാറാക്കുന്നതിന് ഗവണ്മെന്റ് അക്രെഡിറ്റഡ് ഏജൻസി ആയ COSTFORD –നെ ചുമതലപ്പെടുത്തുകയുണ്ടായി. |
| (സി) | ഗാർഹിക തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (സി) | അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന്, 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ 3 -ാം വകുപ്പും 4- ാം ഉപവകുപ്പും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ചട്ടം 4(1) എന്നിവ കൂട്ടി വായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ.ഉ(അച്ചടി)24/2016/തൊഴിൽ തീയതി 02/02/2016 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് പ്രവർത്തന നിരതമാണ്.<br><br>ഗാർഹിക മേഖലയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി, പ്രസ്തുത തൊഴിലാളികൾ മറ്റ് ക്ഷേമപദ്ധതിയിൽ അംഗത്വം നേടിയിട്ടില്ലായെങ്കിൽ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. അപ്രകാരം അംഗത്വം നേടുന്നപക്ഷം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, വിവാഹധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭിക്കുന്നതാണ്. അസുഖമോ അപകടം മൂലമോ ഒരംഗം മരണമടഞ്ഞാൽ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യവും മരണാനന്തര ചെലവുകൾക്കായി 1,000/- രൂപയും മരണാനന്തരാനുകൂല്യവും ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം |

| | | | |
|---|---|---|---|
| | | | അംശദായം ഒടുക്കിയ അംഗത്തിന് അപകടം മൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%-ന് മുകളിലാണെങ്കിൽ അവശതാ പെൻഷൻ ലഭിക്കുന്നതാണ്. ജോലിയിൽ ഏർപ്പെട്ടിരിക്കേ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സാ ധന സഹായമായി ഈ ക്ഷേമപദ്ധതി മുഖേന പരമാവധി 10,000/-രൂപ നൽകിവരുന്നു. കൂടാതെ 60 വയസ്സ് കഴിഞ്ഞ് പദ്ധതിയിൽ നിന്നും വിരമിക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമ പെൻഷൻ അതതു കാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ നൽകി വരുന്നുണ്ട്. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ വേതന ഘടനയിൽ മെച്ചപ്പെട്ട നിലവാരം പുലർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ വേതന ഘടനയിൽ മെച്ചപ്പെട്ട നിലവാരം പുലർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് സ്വച്ഛവും സമാധാനപരവുമായ തൊഴിൽ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനും മാന്യമായ സേവന വേതന വ്യവസ്ഥയിലൂടെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിനുമായി എല്ലാ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്കും സ്ത്രീ- പുരുഷ ഭേദമന്യേ മെച്ചപ്പെട്ട വേതന നിരക്കുകൾ ലഭ്യമാക്കാറുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്കിലുള്ള മിനിമം വേതനമാണ് കേരളത്തിൽ നിലവിൽ നടപ്പിലാക്കിവരുന്നത്. 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഷെഡ്യൂൾ എംപ്ലോയ്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിലെ 85 തൊഴിൽ മേഖലകളിലും സംസ്ഥാന സർക്കാർ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട് മിനിമം വേതന വിജ്ഞാപനങ്ങളിൽ സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് വ്യത്യസ്ത വേതനം വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ